# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2046** — **22.01.2014- ൽ മറുപടിക്ക്**

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശശി : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയ്ക്കായി എത്ര തുക 2013-2014 ബഡ്ജറ്റിൽ വകയിരുത്തിയെന്ന് വ്യക്തമാക്കാമോ; | (എ) 5,00,00,000/-രൂപ (അഞ്ചു കോടി രൂപ) |
| (ബി) വകയിരുത്തിയ തുകയിൽ നാളിതുവരെ എത്ര തുക ചെലവാക്കിയെന്നും എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ ; | (ബി) 2,15,04,558/-രൂപ ചെലവഴിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗം ചുവടെ ചേർക്കുന്നു.<br>• 2 കോടി രൂപ കേരള മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷന് തീരദേശ കപ്പൽ ഗതാഗതവുമായി ബന്ധപ്പെട്ട് കപ്പൽ വാടകയ്ക്ക് എടുത്ത് സർവ്വീസ് നടത്തുന്നതിനും മറ്റുമായി നൽകിയിട്ടുണ്ട്.<br>• 9 ലക്ഷം രൂപ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലെ വാർഫുകളെ കുറിച്ച് Strength Analysis നടത്തുന്നതിനുള്ള ഫീസായി കിറ്റ്കോയ്ക്ക് നൽകി.<br>• 3,27,197/-രൂപ ശമ്പളമായി അസിസ്റ്റന്റ് കോസ്റ്റൽ ഷിപ്പിംഗ് മാനേജർമാർക്ക് നൽകി.<br>• 2,50,000/- രൂപ, മുംബൈയിൽ വച്ച് നടന്ന ഒരു എക്സിബിഷനിൽ സ്റ്റാൾ ബുക്ക് ചെയ്യുന്നതിനും ജീവനക്കാരുടെ ചെലവുകൾക്കുമായി നൽകി.<br>• 18,861/-രൂപ ആറ് കോസ്റ്റൽ ഷിപ്പിംഗ് അസിസ്റ്റന്റ് മാനേജർമാരെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇന്റർവ്യൂ നടത്തുന്നതിന് ചെലവായി.<br>• 8,500/-രൂപ, കോസ്റ്റൽ ഷിപ്പിംഗുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും മറ്റും ഡയറക്ടറേറ്റിൽ വച്ച് ട്രെയിനിംഗ് നടത്തുന്നതിന് ചെലവായി. |

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ?

(സി) ഏകദേശം 590 കി.മീ. ദൈർഘ്യമുള്ള കേരള തീരത്തെ നോൺ മേജർ പോർട്ടുകളുമായി ബന്ധിപ്പിച്ച് ചരക്ക്- യാത്രാ കപ്പലുകളുടെ സർവ്വീസ് നടത്തുകയാണ് കോസ്റ്റൽ ഷിപ്പിംഗ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട ഉദ്ദേശം. 2015 ഓടെ 15% ചരക്കും, 2020 ൽ 40% ചരക്കും 40% യാത്രക്കാരെയും, 2030 ഓടെ 50% ചരക്കും 50% യാത്രക്കാരെയും, റോഡ്, റെയിൽ മാർഗ്ഗത്തിൽ നിന്നും തീരദേശ കപ്പൽ ഗതാഗതത്തിലേയ്ക്ക് മാറ്റാനുള്ള ലക്ഷ്യം കൈവരിക്കാനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഇതിലേയ്ക്കായി വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ, പോർട്ടുകളെ ചരക്ക് ഗതാഗതത്തിന് അനുയോജ്യമായ രീതിയിലും, വലിയതുറ, ആലപ്പുഴ, ഫോർട്ടുകൊച്ചി ബോട്ട് ജെട്ടി, കോഴിക്കോട്, തലശ്ശേരി, കാസർഗോഡ് മുതലായവയെ യാത്രാകപ്പലുകൾക്ക് അനുയോജ്യമായ രീതിയിലും വികസിപ്പി ക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പൊതുവിതരണത്തിനാവശ്യമായ അരി, ഗോതമ്പ് മുതലായവ കേരളത്തിലേയ്ക്ക് കപ്പൽ മാർഗം കൊണ്ടുവരാൻ തീരുമാനമായിട്ടുണ്ട്. ആദ്യം കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിലായിരിക്കും ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ചരക്ക് കൊണ്ടുവരുന്നത്. പിന്നീട് ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ കൂടി ബന്ധിപ്പിച്ച് ഈ ശൃംഖല വിപുലപ്പെടുത്താനും കൊടുങ്ങല്ലൂർ പോർട്ട് വികസനത്തിനുശേഷം അതും കൂടി ഉൾപ്പെടുത്താനും തീരുമാനമായിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന വ്യവസായങ്ങളെ കേന്ദ്രീകരിച്ചുള്ള ചരക്ക് ഗതാഗതം തീരദേശ കപ്പൽ ഗതാഗതം മുഖേന നടത്താനുള്ള തീരുമാനത്തിൻമേൽ തുടർ നടപടി സ്വീകരിച്ചു വരുന്നു.

തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നവംബർ 9-ാം തീയതി കൊല്ലത്ത് വച്ച് ബഹു. മുഖ്യമന്ത്രി നടത്തുകയും ചെയ്തു. അന്നേ ദിവസം M/s.Team World Shipping -ന്റെ ഉടമസ്ഥതയി ലുള്ള Oel Victory എന്ന കപ്പൽ കൊല്ലത്തേ യ്ക്ക് കണ്ടെയ്നറുകൾ അൺലോഡ് ചെയ്യുകയും ചെയ്തു.

കൂടാതെ തീരദേശ കപ്പൽ ഗതാഗതം പ്രോത്സാ ഹിപ്പിക്കുന്നതിന്റെ ഭാഗമായി കടൽ മാർഗ്ഗം

കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക്
1 ടണ്ണിന് / ഒരു കിലോ മീറ്ററിന് 1 രൂപ
നിരക്കിലും പാസഞ്ചറിന് ഒരു കിലോ മീറ്ററിന്
1 രൂപ നിരക്കിലും ഇൻസെന്റീവ്
അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ